Published on 07-08-2017

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 77

# 2017-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 77

# 2017-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ

1063/2017.

# 2017-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ

## 1958-ലെ കേരള ഹൈക്കോടതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1958-ലെ കേരള ഹൈക്കോടതി ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള ഹൈക്കോടതി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—1958-ലെ കേരള ഹൈക്കോടതി ആക്റ്റ് (1959-ലെ 5), 3-ാം വകുപ്പിന്റെ (13)-ാം ഖണ്ഡത്തിൽ,—

(എ) (ബി) ഉപഖണ്ഡത്തിൽ "ഒരു ലക്ഷം രൂപ" എന്ന വാക്കുകൾക്ക് പകരം "നാൽപ്പത് ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (ജി) ഉപഖണ്ഡത്തിനുശേഷം ഇനിപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്; അതായത്:—

"(എച്ച്) മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ പുറപ്പെടുവിക്കുന്ന ഒരു അവാർഡിൽ നിന്നുള്ള അപ്പീൽ.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1958-ലെ കേരള ഹൈക്കോടതി ആക്റ്റ് 3-ാം വകുപ്പ് (13)-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം, ഏതെങ്കിലും വ്യവഹാരത്തിലെയോ മറ്റ് നടപടിയിലെയോ വിഷയവസ്തുവിന്റെ തുകയോ മൂല്യമോ ഒരു ലക്ഷം രൂപയിൽ കവിയാത്ത പക്ഷം അങ്ങനെയുള്ള വ്യവഹാരത്തിലോ മറ്റ് നടപടിയിലോ നിന്നുള്ള ഒറിജിനൽ ഡിക്രിയിൻമേലോ ഉത്തരവിൻമേലോ നിന്നുള്ള അപ്പീൽ കേൾക്കുന്നതിനുള്ള ഹൈക്കോടതിയുടെ അധികാരം, ഹൈക്കോടതിയിലെ ഒരു സിംഗിൾ ജഡ്ജിക്ക് വിനിയോഗിക്കാവുന്നതാണ്. 1989-ലെ കേരള ഹൈക്കോടതി (ഭേദഗതി) ആക്റ്റ് (1989-ലെ 36), പ്രകാരം 1989-ൽ തന്നെ സിംഗിൾ ജഡ്ജിയുടെ അപ്പീൽ ആർത്ഥികാധികാരിതയുടെ പരിധി ഇപ്പോഴുള്ള ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

2. പ്രത്യേകിച്ചും, ജില്ലാ കോടതിയുടെ അപ്പീൽ ആർത്ഥികാധികാരിത രണ്ടുലക്ഷം രൂപയായി ഇതിനകം തന്നെ വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന വസ്തുതയുടെ വെളിച്ചത്തിൽ സിംഗിൾ ജഡ്ജിയുടെ അപ്പീൽ ആർത്ഥികാധികാരിത ഇപ്പോഴുള്ള ഒരു ലക്ഷം രൂപയിൽനിന്നും നാൽപ്പത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ ഹൈക്കോടതി ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നു. മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ പാസ്സാക്കുന്ന അവാർഡുകളിൽനിന്നുള്ള മൂല്യം, ഒരു ലക്ഷം രൂപയിൽ കവിയുന്ന അപ്പീലുകൾ ഡിവിഷൻ ബെഞ്ചാണ് ഇപ്പോൾ കേൾക്കുന്നതെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടുകയും അവയിൽ അപ്പീലിന്റെ മൂല്യം കണക്കിലെടുക്കാതെ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ പാസ്സാക്കുന്ന അവാർഡുകളിൽനിന്നുള്ള, എല്ലാ അപ്പീലുകളും കേൾക്കുന്നതിന് സിംഗിൾ ജഡ്ജിയെ അധികാരപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

3. സർക്കാർ പ്രസ്തുത നിർദ്ദേശങ്ങൾ അംഗീകരിക്കുകയും 1958-ലെ കേരള ഹൈക്കോടതി ആക്റ്റിന്റെ 3-ാം വകുപ്പ് (13)-ാം ഖണ്ഡത്തിന് ഭേദഗതി വരുത്തിക്കൊണ്ട് സിംഗിൾ ജഡ്ജിയുടെ അപ്പീൽ ആർത്ഥികാധികാരിത വർദ്ധിപ്പിക്കുവാനും അപ്പീലിന്റെ മൂല്യം കണക്കിലെടുക്കാതെ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ പാസ്സാക്കുന്ന അവാർഡുകളിൽനിന്നുള്ള, എല്ലാ അപ്പീലുകളും കേൾക്കുന്നതിന് സിംഗിൾ ജഡ്ജിക്ക് അധികാരം നൽകുന്നതിനും തീരുമാനിക്കുകയുണ്ടായി.

4. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പിണറായി വിജയൻ.

(ശരിത്തർജ്ജമ)

# 1958-ലെ കേരള ഹൈക്കോടതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
## (1959-ലെ 5-ാം ആക്റ്റ്)

** ** ** **

3. സിംഗിൾ ജഡ്ജിയുടെ അധികാരങ്ങൾ.—ഒരു സിംഗിൾ ജഡ്ജിക്ക് ഇനിപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഹൈക്കോടതിയുടെ അധികാരങ്ങൾ വിനിയോഗിക്കാവുന്നതാണ്, എന്നാൽ, ഏത് ജഡ്ജിയുടെ മുമ്പാകെയാണോ വിഷയം കേൾക്കുവാനായി നൽകിയിട്ടുള്ളത് ആ ജഡ്ജിക്ക് അത് രണ്ട് ജഡ്ജിമാരുള്ള ഒരു ബെഞ്ചിന് കേൾക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി മറ്റൊരു ദിവസത്തേക്ക് നീട്ടി വയ്ക്കാവുന്നതുമാണ്:—

(1) അധികാരിതയുള്ള വിവിധ കോടതികളിൽ ഏതിലാണ് ഒരു വ്യവഹാരം കേൾക്കേണ്ടതെന്ന് തീരുമാനിക്കൽ.

** ** ** **

13 (എ) അപ്പീൽവാദിയെയോ അയാളോടൊപ്പം വിചാരണ ചെയ്തിട്ടുള്ള ഒരു വ്യക്തിയെയോ വധശിക്ഷയ്ക്കോ ജീവപര്യന്തം തടവിനോ വിധിക്കപ്പെട്ടിട്ടുള്ള സംഗതികളിലൊഴികെ ഒരു ക്രിമിനൽ കോടതിയുടെ വിധിന്യായത്തിലോ ഉത്തരവിലോ:

എന്നാൽ അങ്ങനെയുള്ള അധികാരം ഒരു സിംഗിൾ ജഡ്ജി വിനിയോഗിക്കുമ്പോൾ വധശിക്ഷയോ ജീവപര്യന്തം തടവോ നൽകുവാൻ പാടുള്ളതല്ല;

(ബി) വ്യവഹാരത്തിലെയോ മറ്റ് നടപടികളുടെയോ വിഷയവസ്തുവിന്റെ തുകയോ മൂല്യമോ ഒരു ലക്ഷം രൂപയിൽ കവിയാത്തിടത്ത്, ഏതെങ്കിലും വ്യവഹാരത്തിന്റെയോ മറ്റ് നടപടിയിലെയോ ഒറിജിനൽ ഡിക്രിയിലോ ഉത്തരവിലോ;

(സി) അങ്ങനെയുള്ള അപ്പീൽ, കോടതി ചെലവുകളുമായി മാത്രം ബന്ധപ്പെട്ടിരിക്കുമ്പോൾ, ഒറിജിനൽ ഡിക്രിയിലോ;

(ഡി) 1908-ലെ സിവിൽ നടപടി നിയമസംഹിതയുടെ 104-ാം വകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള, എന്നാൽ പ്രസ്തുത നിയമസംഹിതയിലെ ഇതേ വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ (എച്ച്) ഖണ്ഡത്തിലോ ഒന്നാം പട്ടികയിലെ ഓർഡർ XLIII, (1)-ാം ചട്ടത്തിലെ (സി), (ഡി) അല്ലെങ്കിൽ (ജെ) എന്നീ ഖണ്ഡങ്ങളിലോ പറഞ്ഞിരിക്കുന്ന തരത്തിലുള്ള ഉത്തരവോ ഒഴികെയുള്ള, ഒരു ഉത്തരവിൽ;

(ഇ) അപ്പലേറ്റ് ഡിക്രിയിലോ ഉത്തരവിലോ;

(എഫ്) 1955-ലെ ഇൻസോൾവൻസി ആക്റ്റിന്റെ 79(3)-ാം വകുപ്പ് പ്രകാരമുള്ളവയിൽ;

(ജി) 1898-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 476 ബി വകുപ്പ് പ്രകാരമുള്ളവയിൽ;

നിന്നുള്ള ഒരു അപ്പീൽ.